**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല – പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് - കിളിമാനൂർ സബ്ജില്ലാ കലോത്സവം - പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3995/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 12/12/2017

---

പരാമർശം:- 1. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.11.2017 ലെ എ 1/7632/2017 നമ്പർ കത്ത്.

2. 16/02/2006. ലെ സ.ഉ.(സാധാ)58/06/തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

കിളിമാനൂർ സബ്ജില്ലാ കലോത്സവം നവംബർ 27, 28, 29 തീയതികളിൽ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട ഏക ഹയർ സെക്കണ്ടറി സ്കൂളായ തട്ടത്തുമല ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടത്തപ്പെടുകയാണെന്നും സ്കൂൾ ഫണ്ട് മാത്രം ഉപയോഗിച്ച് കാര്യക്ഷമമായി കലോത്സവം വിജയത്തിലെത്തിക്കുന്നതിന് സാധ്യമല്ലാത്തതിനാൽ ആയതിലേക്ക് 20,000/- (ഇരുപതിനായിരം രൂപ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് സംഭാവനായി നൽകുന്നതിന് അനുമതി നൽകണമെന്ന് പഴയകുന്നുമേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം(1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട ഏക ഹയർ സെക്കണ്ടറി സ്കൂളായ തട്ടത്തുമല ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നവംബർ 27, 28, 29 തീയതികളിൽ നടത്തപ്പെട്ട കിളിമാനൂർ സബ്ജില്ലാ കലോത്സവത്തിന്റെ ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 20,000/- (ഇരുപതിനായിരം രൂപ) അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി / പ്രസിഡന്റ്, പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്, കിളിമാനൂർ പി.ഒ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ